Kerala Gazette No. 3 dated 17th January 2017.

PART I | Section iii

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എഫ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 27974/ലെഗ.എ1/14/നിയമം.

തിരുവനന്തപുരം, 2016 നവംബർ 10
1192 തുലാം 25
1938 കാർത്തികം 19.

www.eaadharam.in

കേരള സംസ്ഥാന നിയമസഭയുടെ ഇനിപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2016 ഒക്ടോബർ 21-ാം തീയതി രാഷ്ട്രപതിയുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.



Scanned by CamScanner

# 2015-ലെ ഹിന്ദു പിന്തുടർച്ച (കേരള ഭേദഗതി) ആക്റ്റ്

1956-ലെ ഹിന്ദു പിന്തുടർച്ച ആക്റ്റ് കേരള സംസ്ഥാനത്ത്
ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1956-ലെ ഹിന്ദു പിന്തുടർച്ച ആക്റ്റ് (1956-ലെ 30-ാം കേന്ദ്ര ആക്റ്റ്) കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ ഹിന്ദു പിന്തുടർച്ച (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 15-ാം വകുപ്പിന്റെ ഭേദഗതി.—1956-ലെ ഹിന്ദു പിന്തുടർച്ച ആക്റ്റിൽ (1956-ലെ 30-ാം കേന്ദ്ര ആക്റ്റ്), 15-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന്റെ (ഖ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഗ) ഒരു ഹിന്ദു സ്ത്രീയ്ക്ക് അവളുടെ മുൻപ് മരിച്ച പുത്രനിൽനിന്നും അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റ് അനന്തരാവകാശികൾക്ക് അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും എന്നാൽ മുൻപ് മരിച്ച ഏത് പുത്രനിൽ നിന്നാണോ അവൾക്ക് വസ്തു അനന്തരാവകാശമായി ലഭിച്ചത് ആ പുത്രന്റെ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതും ആകുന്നു.".

(ശരിതർജ്ജമ)

എസ്. സുരേഷചന്ദ്രൻ,
നിയമവകുപ്പ് അഡിഷണൽ സെക്രട്ടറി.



Scanned by CamScanner

19050
25/11/16

sajeeredackodu@gmail.com

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 നവംബർ 10<br>10th November 2016<br>1192 തുലാം 25<br>25th Thulam 1192<br>1938 കാർത്തികം 19<br>19th Karthika 1938 | നമ്പർ<br>No. 1954 |



www.eaadhalam.in

## GOVERNMENT OF KERALA

### Law (Legislation F) Department

### NOTIFICATION

No. 27974/Leg.F1/14/Law.

*Dated, Thiruvananthapuram, 10th November, 2016 / 25th Thulam, 1192 / 19th Karthika, 1938.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the President on the 21st day of October, 2016.

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

33/3674/2016/S-16.

## ACT 17 OF 2016

## THE HINDU SUCCESSION (KERALA AMENDMENT) ACT, 2015

*An Act further to amend the Hindu Succession Act, 1956 in its application to the State of Kerala.*

*Preamble.*—WHEREAS, it is expedient further to amend the Hindu Succession Act, 1956 (Central Act 30 of 1956) in its application to the State of Kerala, for the purposes hereinafter appearing;

BE it enacted in the Sixty-sixth Year of the Republic of India as follows:—

1. *Short title, extent and commencement.*—(1) This Act may be called the Hindu Succession (Kerala Amendment) Act, 2015.

(2) It extends to the whole of the State of Kerala.

(3) It shall come into force at once.

2. *Amendment of section 15.*—In the Hindu Succession Act, 1956 (Central Act 30 of 1956), in section 15, after clause (b) of sub-section (2), the following clause shall be inserted, namely:—

"(c) any property inherited by a female Hindu from her pre-deceased son shall devolve, not upon the other heirs referred to in sub-section (1) in the order specified therein, but upon the heirs of the pre-deceased son from whom she inherited the property.".

www.eaadharam.in

sajeeredackodu@gmail.com

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.